**ശ്രദ്ധക്ഷണിക്കൽ**

(1) അന്താരാഷ്ട്ര അറബിക് സർവ്വകലാശാല

ശ്രീ. പി. ബി. അബ്ദുൾ റസാക്: സർ, നമ്മുടെ സംസ്ഥാനത്ത് ഒരു അന്താരാഷ്ട്ര അറബിക് സർവ്വകലാശാല സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യമാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. അറബിക് രാജ്യങ്ങളുമായുള്ള കേരളത്തിന്റെ വ്യാപാര സാംസ്കാരിക ബന്ധങ്ങളും ആധുനിക കാലത്ത് അറബിനാടുകൾ കേരളീയ സമൂഹത്തിന് നൽകുന്ന തൊഴിലവസരങ്ങളും ആധുനിക ഗൾഫ് രാജ്യങ്ങൾ കെട്ടിപ്പടുക്കുന്നതിൽ കേരളീയർ നൽകിയ സംഭാവനകളും പരിഗണിക്കുമ്പോൾ അന്താരാഷ്ട്ര അറബിക് സർവ്വകലാശാലയുടെ പ്രസക്തി വളരെയേറെയാണ്. അറബിക് രാജ്യങ്ങളുമായി ബന്ധപ്പെട്ട തൊഴിൽമേഖലകൾ പ്രയോജനപ്പെടുത്തിയ സംസ്ഥാനത്തിന് അനന്തമായ സാധ്യതകൾ ഈ സർവ്വകലാശാലയിലൂടെ ഉണ്ടാകുമെന്നതിൽ സംശയമില്ല. അന്താരാഷ്ട്ര നിലവാരത്തിൽ ഈ സർവ്വകലാശാല സ്ഥാപിതമായാൽ വിദേശ വിദ്യാർത്ഥികൾ വിവിധ കോഴ്സുകൾക്കായി ഇവിടെ വരികയും സംസ്ഥാനത്തിന് അത് നല്ലൊരു വരുമാന സ്രോതസ്സായി മാറുകയും ചെയ്യും. അറബിക് സർവ്വകലാശാലയും വിദേശ സർവ്വകലാശാലയുമായി അദ്ധ്യാപക-ഗവേഷണ

വിദ്യാർത്ഥി വിനിയോഗം നടപ്പിലായാൽ സംസ്ഥാനത്തിന് വലിയ നേട്ടമുണ്ടാക്കാൻ സാധിക്കും. കൂടാതെ, രാജ്യത്ത് അടുത്ത് രണ്ടുമൂന്ന് ദശകങ്ങളിലുണ്ടാകുന്ന വിവർത്തന/ പരിഭാഷ രംഗത്തെ തൊഴിൽ സാധ്യതകളുടെയും പ്രവാസിരംഗത്തെ തൊഴിൽ സാധ്യതകളുടെയും പകുതിയലധികവും അറബിക് ഭാഷയിലൂടെ ആയിരിക്കുമെന്ന ദേശീയ വിജ്ഞാന കമ്മീഷന്റെ കണ്ടെത്തലുകളും ഒരു അന്താരാഷ്ട്ര നിലവാരത്തിലുള്ള അറബിക് സർവ്വകലാശാലയുടെ ആവശ്യമാണ് വിളിച്ചോതുന്നത്. ജസ്റ്റിസ് സച്ചാർ കമ്മിറ്റി നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി കഴിഞ്ഞ സർക്കാർ രൂപീകരിച്ച പാലോളി മുഹമ്മദ് കുട്ടി കമ്മിറ്റിയുടെ ഒരു പ്രധാന നിർദ്ദേശം സംസ്ഥാനത്ത് അറബിക് സർവ്വകലാശാല രൂപീകരിക്കണമെന്നാണ്. ആഗോളതലത്തിൽ നിലനിൽക്കുന്ന രാഷ്ട്രീയ സാഹചര്യങ്ങളിൽ, വളർന്നുവരുന്ന അറബിക് ഭാഷയുടെ പ്രാധാന്യത്തിനനുസൃതമായി നമ്മുടെ സംസ്ഥാനത്ത് വിവിധ മേഖലകളിലായി അറബിക് ഭാഷയിൽ പഠനം നടത്തുന്ന ആയിക്കണക്കിന് സ്ഥാപനങ്ങളും ലക്ഷക്കണക്കിന് വിദ്യാർത്ഥികളുമുണ്ട്. നമ്മുടെ സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് ഉന്നതനിലവാരമുള്ള വിദ്യാഭ്യാസവും തൊഴിലും സമ്പാദിക്കുവാൻ ഈ സർവ്വകലാശാലയിലൂടെ സാധ്യമാകും. ആയതിനാൽ നമ്മുടെ രാജ്യത്തിന് മാതൃകയാകുന്ന തരത്തിൽ ഒരു അന്താരാഷ്ട്ര അറബിക് സർവ്വകലാശാല നമ്മുടെ

സംസ്ഥാനത്ത് സ്ഥാപിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, കേരളത്തിൽ ഒരു അറബിക് സർവ്വകലാശാല സ്ഥാപിക്കണമെന്നത് വർഷങ്ങളായുള്ള ആവശ്യമാണ്. കേന്ദ്ര സർക്കാർ നിയോഗിച്ചിരുന്ന ജസ്റ്റിസ് രജീന്ദർ സച്ചാർ കമ്മിറ്റിയുടെ കണ്ടെത്തലുകളെയും അതിന് തുടർച്ചയായി കേരള സർക്കാർ നിയോഗിച്ച പാലോളി മുഹമ്മദ് കമ്മിറ്റി മുന്നോട്ടുവച്ച ശിപാർശകളേയും ശരിവച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച 06.05.2008-ലെ ജി.ഒ.(എം.എസ്.) നം. 148/2008/പൊ.വി.വ. ഉത്തരവ് പ്രകാരം കേരളത്തിൽ അറബിക് സർവ്വകലാശാല രൂപീകരിക്കേണ്ടതായിട്ടുണ്ട്. തൊഴിൽ തേടി അറബിദേശങ്ങളിൽ ചേക്കേറേണ്ടിവരുന്ന മലയാളികളുടെ ആശയവിനിമയത്തിനുള്ള ഭാഷ എന്നുള്ള നിലയിൽ മലയാളികളുടെ രണ്ടാം ഭാഷയായും അതിജീവനത്തിന്റെ ഭാഷയായും അറബിക് ഭാഷ മാറിയിട്ടുണ്ട്. കേരളത്തിലെ വിദ്യാഭ്യാസമേഖലകളിൽ ജാതി-മതഭേദമന്യേ അറബിക് ഭാഷ പഠിതാക്കളുടെയും അതുവഴി തൊഴിൽതേടുന്നവരുടെയും എണ്ണം ദിനംപ്രതി വർദ്ധിച്ചുവരികയാണ്. ജാതി-മത-വർഗ്ഗ-വംശീയ ചിന്തകൾക്കൊക്കെയും ശാശ്വതമായ അവധി കൽപ്പിച്ചുകൊണ്ട്

ലോകസമൂഹത്തിന് തന്നെ തനത് ഭാഷയായി അറബിക് ഭാഷ മാറിയിരിക്കുന്നു. പിന്നോക്കമെന്നോ ന്യൂനപക്ഷമെന്നോ ഭൂരിപക്ഷമെന്നോ വേർതിരിവ് കൽപ്പിക്കപ്പെടാത്ത ഈ ലോകഭാഷയിലൂടെ കൂടുതൽ വിജ്ഞാനവും തൊഴിലും ആർജ്ജിക്കുവാൻ ഉത്സുകരായിരിക്കുന്ന ഒരു തലമുറയാണ് ഇന്നുള്ളത്. ഐക്യരാഷ്ട്രസഭ തീരുമാനിച്ചിട്ടുള്ളതുപ്രകാരം എല്ലാവർഷവും ഡിസംബർ 18-ന് അന്താരാഷ്ട്ര അറബിക് ഭാഷാദിനമായി ആചരിച്ചുവരുന്നുമുണ്ട്. അറബിക് ഭാഷയും സംസ്കാരവും നൽകിയ സംഭാവനകൾ ലോകത്തെ ഇതര മനുഷ്യ സമൂഹങ്ങൾക്കെന്നപോലെ ഇന്ത്യയിലും വിശിഷ്യ കേരളത്തിലും നിരവധി സാമൂഹിക മാറ്റങ്ങൾക്ക് കാരണമായിട്ടുണ്ടെന്ന് വിസ്മരിക്കാനാകില്ല. തൊഴിൽരംഗത്ത് നമുക്ക് നിരവധി അവസരങ്ങൾ നൽകിവരുന്ന അറബികൾ നമ്മോട് ആശയവിനിമയം നടത്തുന്ന ഭാഷയും അറബിക് ഭാഷയാണ്. അറബിക് ഭാഷ പരിപോഷണത്തിന് മാത്രമായി ലോകത്തെമ്പാടുമുള്ള രാജ്യങ്ങളിൽ നിരവധി സർവ്വകലാശാലകൾ സ്ഥാപിതമായിട്ടുണ്ട്. കേരളത്തിൽ ഒരു അറബിക് സർവ്വകലാശാല സ്ഥാപിക്കണമെന്ന ആവശ്യത്തിന് നിരവധി വർഷത്തെ പഴക്കമുണ്ട്. ഗൾഫ് രാജ്യങ്ങളിൽനിന്ന് ഉറ്റവരും ഉടയവരും അയയ്ക്കുന്ന പണം കൊണ്ട് ജീവിതം കരുപ്പിടിപ്പിച്ചുവരുന്ന വ്യത്യസ്ഥ സമൂഹങ്ങളുടെ

ദീർഘകാലമായുള്ള ആഗ്രഹവും ആവശ്യവുംകൂടിയാണ് കേരളത്തിൽ അറബിക് സർവ്വകലാശാല സ്ഥാപിക്കണമെന്നത്. ജാതി-മത ഭേദമന്യേ നിരവധിപേർ വർഷങ്ങളായി സ്കൂൾ/കോളേജ് തലങ്ങളിൽ അറബിക് ഭാഷ പഠിച്ച് ബിരുദവും ബിരുദാനന്തരബിരുദവും സമ്പാദിച്ച് ഉദ്യോഗങ്ങളിൽ വിരാജിക്കുന്നുണ്ടെന്നതും ശ്രദ്ധിക്കപ്പെടേണ്ടതാണ്. പ്രമുഖ യൂറോപ്യൻ ഭാഷയായ ഇംഗ്ലീഷ് ഭാഷ ഏതെങ്കിലും ഒരു ദേശത്തിന്റെയോ സമുദായത്തിന്റെയോ മാത്രം ഭാഷയാണെന്ന് കരുതാതെ ലോകം മുഴുവൻ നെഞ്ചിലേറ്റിയത് മനുഷ്യജീവിതവും സംസ്കാരവുമായി അതിന് അഭേദ്യമായ ബന്ധമുണ്ടെന്നുള്ള ഉത്തമ ബോധ്യത്താലാണ്. ഇന്ത്യൻ സംസ്കാരവുമായി അഭേദ്യമായി ബന്ധപ്പെട്ടുകിടക്കുന്ന ഭാഷ എന്ന സ്ഥാനമുള്ള സംസ്കൃത ഭാഷയുടെ പുരോഗതിക്കും വികാസത്തിനുംവേണ്ടി കേരളത്തിൽ ഒരു സംസ്കൃത സർവ്വകലാശാല നേരത്തെതന്നെ സ്ഥാപിതമായിട്ടുണ്ട്. അത് ഇന്ത്യൻ സംസ്കൃതിയുടെ തനത് ഭാഷയായ സംസ്കൃതഭാഷ അന്യംനിന്നുപോകരുതെന്ന് നിർബന്ധമുള്ളതുകൊണ്ടുകൂടിയാണ്. ജാതിമത വ്യത്യാസമില്ലാതെ ധാരാളംപേർ സംസ്കൃതഭാഷ പഠിക്കുകയും പഠിപ്പിക്കുകയും തൊഴിൽനേടുകയും ചെയ്തുവരുന്നുണ്ട്. നമ്മുടെ മാതൃഭാഷയായ മലായാള ഭാഷയുടെ വളർച്ച ത്വരിതപ്പെടുത്തുന്നതിനും ഗവേഷണത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി ഏറെ

വൈകിയാണെങ്കിലും ഭാഷാപിതാവിന്റെ നാടായ തിരൂരിൽ ഒരു മലയാള സർവ്വകലാശാല രൂപീകൃതമായത് ചരിത്രത്തിൽ തുല്യതയില്ലാത്ത അഭിമാന മുഹൂർത്തം നമുക്ക് സമ്മാനിച്ച സംഭവമാണ്. ഉന്നത വിദ്യാഭ്യാസം നേടിയ തലമുറയ്ക്ക് മാത്രമേ രാജ്യത്തിന്റെ പുരോഗതിയിലേയ്ക്കുള്ള ഗതിവേഗം വർദ്ധിപ്പിക്കാൻ കഴിയൂ എന്നുള്ളതുകൊണ്ടാണ് കേരള സംസ്ഥാനത്ത് വിവിധ ഭാഷാസംസ്കാരങ്ങളെപ്പറ്റി ഗവേഷണം നടത്തുന്നതിനും അതുവഴി അന്താരാഷ്ട്ര സമൂഹവുമായി ഔന്നത്യം പങ്കുവയ്ക്കുന്നതിനുമുള്ള ശ്രമം നടത്തിവരുന്നത്. കേരള ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ എക്സിക്യൂട്ടീവ് കൗൺസിൽ ഇതുസംബന്ധിച്ച് ഒരു പഠനം നടത്തുകയും കൗൺസിലിന്റെ മെമ്പർ സെക്രട്ടറിയുടെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ട വിദഗ്ധസമിതി ഇക്കാര്യത്തിൽ അനുകൂലമായ ശിപാർശ സഹിതം സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കേരള സർക്കാർ 2008-ൽ തന്നെ അംഗീകരിച്ചിട്ടുള്ള, കേരളത്തിൽ ഒരു അറബിക് സർവ്വകലാശാല സ്ഥാപിക്കണമെന്ന ശിപാർശ സമയബന്ധിതമായ രീതിയിൽ നടപ്പാക്കുന്നതിനുള്ള നയപരമായൊരു തീരുമാനം കൈക്കൊള്ളേണ്ടതായിട്ടുണ്ട്. അതിനുമുന്നോടിയായി കേരളത്തിലെ അറബിക് കോളേജുകളെയും അനുബന്ധ കാര്യങ്ങളെയും സംബന്ധിച്ച വിവരങ്ങൾ, നിർദ്ദിഷ്ട സർവ്വകലാശാലയ്ക്ക് സമാനമായ രീതിയിൽ

പ്രവർത്തിച്ചിരുന്ന ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള അറബിക് സർവ്വകലാശാലകൾ നൽകിവരുന്ന ബിരുദങ്ങൾ സംബന്ധിച്ച വിവരങ്ങൾ എന്നിവ ധനകാര്യ വകുപ്പിന്റെ നിർദ്ദേശപ്രകാരം ശേഖരിച്ചിട്ടുണ്ട്. ആയത് പഠിച്ചശേഷം കേരളത്തിൽ അറബിക് സർവ്വകലാശാല സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

(2) അട്ടപ്പാടിയിലെ പട്ടികവർഗ്ഗ ശിശുമരണം

ശ്രീ. കെ. വി. വിജയദാസ്: സർ, പാലക്കാട് ജില്ലയിലെ അട്ടപ്പാടി ആദിവാസി മേഖല, രാജ്യത്താകെ അറിയപ്പെടുന്ന രീതിയിൽ സുപ്രസിദ്ധമോ കുപ്രസിദ്ധമോ ആയി മാറിയിരിക്കുന്നു. ആദിവാസികളുടെ കുട്ടികൾ മറ്റൊരിടത്തുമില്ലാത്ത രീതിയിൽ മരിച്ച് മണ്ണടിയുന്നത് തുടരുകയാണ്. പദ്ധതികളും ജീവനക്കാരും പണവും യഥേഷ്ടമുണ്ടായിട്ടും അട്ടപ്പാടിയിൽനിന്നും ഹൃദയഭേദകമായ വാർത്തകളാണ് പുറത്തുവരുന്നത്. അട്ടപ്പാടിയിലെ ശിശുമരണം സമൂഹത്തിലാകെ ഞെട്ടലുണ്ടാക്കുന്ന രീതിയിൽ വർദ്ധിച്ചുവന്നപ്പോൾ മനുഷ്യസ്നേഹികളായ സർവ്വരുടെയും ശ്രദ്ധ അങ്ങോട്ട് തിരിഞ്ഞു. മന്ത്രിമാർ ശ്രദ്ധിച്ചെന്ന് വരുത്തിത്തീർത്തു. സർക്കാർ വാഗ്ദാനങ്ങൾ വാരി വിതറി. ആദിവാസി ഊരുകൾ ഭൂമിയിലെ സ്വർഗ്ഗമാണെന്ന രീതിയിൽ പ്രചരണം പൊടിപൊടിച്ചു. ആദിവാസി ഊരുകളിലെ ദാരിദ്ര്യവും കഷ്ടപ്പാടുകളും ആദിവാസികളുടെ വംശനാശത്തിലേയ്ക്ക് നയിക്കാൻ

ഇടവരുത്തുന്ന ശിശുമരണവും അവസാനിച്ചെന്ന് കരുതി ആശ്വസിച്ചു. പക്ഷേ അനുഭവം മറ്റൊന്നായിരുന്നു. ആദിവാസി ഊരുകളിൽ ഇപ്പോഴും കഷ്ടപ്പാടുകൾ തുടരുകയാണ്. 2012-13-ൽ 63 കുട്ടികളും 40 ഗർഭസ്ഥശിശുക്കളും മരണപ്പെട്ടു. 2014-ൽ ഇതുവരെ 17 കുട്ടികളും 22 ഗർഭസ്ഥ ശിശുക്കളും മരിച്ചുവെന്നാണ് പുറത്തുവന്ന കണക്കുകൾ സൂചിപ്പിക്കുന്നത്. ഗർഭിണികളും കുട്ടികളും ഉൾപ്പെടെയുള്ളവരുടെ ആരോഗ്യക്ഷേമത്തിനായി പ്രത്യേക സർക്കാർ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടും ശിശുമരണങ്ങൾ ഉണ്ടാകുന്നത് എങ്ങനെയെന്നതിന്റെ കാരണങ്ങൾ ഇന്നേവരെ വെളിപ്പെടുത്തിയിട്ടില്ല. പോഷകാഹാരക്കുറവാണ് ശിശുമരണ കാരണമെന്ന് പറയുന്നു. ഇത് പരിഹരിക്കാൻ കഴിയാത്തതാണോ? ചൊവ്വയിലേക്ക് മംഗൾയാൻ എത്തിക്കുന്നതിനുവേണ്ടി പ്രവർത്തിച്ച ശാസ്ത്രജ്ഞന്മാർ കേരളത്തിലുണ്ട് എന്ന് പറയപ്പെടുന്ന അവസരത്തിലാണ് ഇത് സംഭവിക്കുന്നത്. 192 ഊരുകളിൽ കമ്മ്യൂണിറ്റി കിച്ചൺ തുടങ്ങാൻ തീരുമാനിച്ചെങ്കിലും അത് 50 ഊരുകളിൽ മാത്രമായി ചുരുങ്ങി. 174 അംഗൻവാടികളിൽ 133 എണ്ണത്തിലും കുടിവെള്ളം ലഭിച്ചിട്ടില്ല. 66 എണ്ണത്തിൽ ശൗചാലയവുമില്ല. മരിച്ച കുട്ടികളിൽ 83 ശതമാനം പേർക്കും തൂക്കക്കുറവും വിളർച്ചയുമുണ്ടായിരുന്നു. ഗർഭിണികളായ സ്ത്രീകൾക്കാവശ്യമായ ശുശ്രൂഷ ലഭിക്കാത്തതാണ് ഇതിനുകാരണം. അയൺ,

ഫോളിക് ആസിഡ് എന്നീ ഗുളികൾ യഥാസമയം അവർക്ക് ലഭിക്കുന്നില്ല. 50 ശതമാനം ആദിവാസി കുടുംബങ്ങൾക്കും സ്വന്തം കുടിൽ നിൽക്കുന്ന സ്ഥലത്തിനുപോലും പട്ടയമില്ല. 70 ശതമാനം ഊരുകളിലും ശുദ്ധജലമില്ല. ഐ.എ.വൈ. പ്രകാരമുള്ള 2000 വീടുകളുടെ നിർമ്മാണം നടന്നില്ല. പരമ്പരാഗത കൃഷിരീതി നടപ്പിലാക്കാൻ 4 കോടി രൂപയുടെ പദ്ധതി ബഹുമാനപ്പെട്ട പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രി പ്രഖ്യാപിച്ചു, അതും നടപ്പായില്ല. 2014 ജൂൺ 13-ന് 1000 കുട്ടികൾക്ക് കുറുക്ക് നൽകാനുള്ള പദ്ധതി പ്രഖ്യാപിച്ചു. എൻ.ആർ.എച്ച്.എം. മുഖേന നടത്തുന്ന ആ പദ്ധതിയും എവിടെയും എത്തിയില്ല. ഫീൽഡ് ജീവനക്കാരുടെ അഭാവമാണ് ഇതിനെല്ലാം കാരണം. അട്ടപ്പാടിയിൽ പട്ടികവർഗ്ഗ ക്ഷേമത്തിനായി നീക്കിവച്ച ഫണ്ടിന്റെ 30 ശതമാനംപോലും ചെലവഴിച്ചിട്ടില്ല. അഗളി പഞ്ചായത്ത് 7 ശതമാനമാണ് പട്ടികവർഗ്ഗ ക്ഷേമപദ്ധതിയിൽ ചെലവഴിച്ചത്; ഷോളയൂർ പഞ്ചായത്ത് 9 ശതമാനമാണ് ചെലവഴിച്ചത്; പുതൂർ പഞ്ചായത്ത് 9.63 ശതമാനമാണ് ചെലവഴിച്ചത്. സംസ്ഥാനം പ്രഖ്യാപിച്ച പദ്ധതി നടപ്പിലാക്കിയില്ല. മാത്രമല്ല കേന്ദ്ര ഫണ്ട് ട്രഷറി നിയന്ത്രണത്തിന്റെ പേരിൽ നൽകിയതുമില്ല. ആരോഗ്യമേഖലയ്ക്ക് 10 കോടി രൂപ വാഗ്ദാനം ചെയ്തെങ്കിലും 4.25 കോടി രൂപ മാത്രമാണ് ചെലവഴിച്ചത്. പ്രത്യേക പാക്കേജ് നടപ്പിലാക്കാൻ നിയോഗിച്ച

ഓഫീസർക്ക് അട്ടപ്പാടിയിലെ കാര്യങ്ങൾ നോക്കാൻ നേരമില്ല. സർക്കാർ അവഗണനയുടെ ഫലമായി ആദിവാസി വംശം തന്നെ ഇല്ലാതാകുകയാണ്. 30,000 ജനങ്ങൾ മാത്രമാണ് ഇപ്പോൾ അവിടെയുള്ളത്. അവിടെ ഓരോ വർഷവും ആയിരംപേർ മരിക്കുന്നു. എന്നാൽ 500 കുട്ടികൾ മാത്രമാണ് അവിടെ ജനിക്കുന്നത്. ഇക്കാര്യത്തിൽ മനുഷ്യത്വപരമായിട്ടുള്ള ഒരു സമീപനം ഗവൺമെന്റ് സ്വീകരിക്കണം. അട്ടപ്പാടിയിലെ വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട പാലക്കാട് എം. പി. നാലുദിവസം നീണ്ടുനിന്ന നിരാഹാര സത്യാഗ്രഹം നടത്തുകയുണ്ടായി. അതിനുശേഷം ബഹുമാനപ്പെട്ട മന്ത്രിമാർ അവിടെ വരികയും യോഗങ്ങൾ വിളിച്ചുകൂട്ടുകയും ചെയ്തെങ്കിലും കാര്യങ്ങൾ തഥൈവ തന്നെയാണ്. ഞാൻ ഇവിടെ ചില നിർദ്ദേശങ്ങൾ സമർപ്പിക്കുകയാണ്. കൂടുതൽ ശിശുമരണങ്ങൾ ഒഴിവാക്കുന്നതിന് അടിയന്തരമായി ചില നടപടികൾ സർക്കാർ സ്വീകരിക്കണം. അവരെ ന്യൂട്രീഷ്യൻ റീ-ഹാബിലിറ്റേഷൻ സെന്ററുകളിൽ താമസിപ്പിച്ച് ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിന് ഗവൺമെന്റ് ഗൗരവമായ ശ്രദ്ധ ചെലുത്തണം. പുനരധിവാസ കേന്ദ്രങ്ങളിൽ താമസിക്കാൻ കഴിയാത്തവരുടെ വീടുകളിൽ പോഷകാഹാരങ്ങൾ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. അയൺ, ഫോളിക് ആസിഡ് എന്നീ ഗുളികകൾ മുടക്കം കൂടാതെ വിതരണം

നടത്തണം. Interferon Injection-ന്റെ സ്ഥാനത്ത് Iron Sucrose Injection നൽകാനുള്ള സംവിധാനം ഉണ്ടാക്കണം.

റേഷൻ കടകളിലൂടെയും അങ്കണവാടികളിലൂടെയും വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളിൽ റാഗി, ചാമ, ചോളം, കൂവരക്, തുവര, തിന തുടങ്ങിയ തനതുഭക്ഷണംകൂടി ഉൾപ്പെടുത്തണം. മറ്റ് പ്രദേശങ്ങളിൽനിന്നും വ്യത്യസ്തമായി അട്ടപ്പാടിയിലെ അങ്കണവാടികളിലെ കുട്ടികൾക്ക് മുട്ട, പാൽ, നേന്ത്രപ്പഴം എന്നിവ നൽകിയിരുന്നില്ല. ശിശുമരണ റിപ്പോർട്ട് വന്നതിനെത്തുടർന്ന് സർക്കാർ പ്രഖ്യാപിച്ച പാക്കേജിൽ അങ്കണവാടി ടീച്ചർമാർ മുട്ടയും പാലും വാങ്ങി കുട്ടികൾക്ക് നൽകണമെന്നും അതിനായി ടീച്ചർമാർ ചെലവാക്കുന്ന തുക മാസാവസാനം തിരികെ നൽകുമെന്നാണ് ഗവൺമെന്റ് ഇപ്പോൾ ഉത്തരവിട്ടിരിക്കുന്നത്. ഈ തീരുമാനം തികച്ചും അശാസ്ത്രീയമാണ്. അങ്കണവാടി ടീച്ചർമാർക്ക് തുച്ഛമായ ശമ്പളമാണ് ലഭിക്കുന്നത്. അങ്കണവാടികളിലെ കുട്ടികൾക്ക് മുട്ടയും പാലും മറ്റും സർക്കാർ നേരിട്ടുവാങ്ങി നൽകണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. അതുപോലെതന്നെ ആശാപ്രവർത്തകർ, ട്രൈബൽ പ്രമോട്ടർമാർ, അങ്കണവാടി ടീച്ചർമാർ, സബ്സെന്ററിലെ ഫീൽഡ് ഓഫീസർമാർ എന്നിവർക്ക് പുനപരിശീലനം നടത്തണം. ദേശീയതൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്ത കാലയളവിൽ

ലഭിക്കാനുള്ള 2.5 ലക്ഷം രൂപ നൽകണം. തൊഴിൽ നൽകാതിരുന്ന കാലയളവ് കണക്കിലെടുത്ത് ഉചിതമായ നഷ്ടപരിഹാരം നൽകണം. കള്ളവാറ്റും കഞ്ചാവ് കൃഷിയും അനധികൃത മദ്യവിൽപ്പനയും തടയുന്നതിന് എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തണം. ആദിവാസികളുടെ അടിയന്തര ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഊരുവികസന സമിതിയുടെ കൈവശമുള്ള പണം ഉപയോഗിക്കാൻ അനുവാദം നൽകണം. അട്ടപ്പാടിയിലെ ആദിവാസികളുടെ സമഗ്രമായ ആരോഗ്യപരിപോഷണ സർവ്വേ (comprehensive health and nutrition survey) നടത്തണം. ഇത്തരത്തിൽ സമഗ്രമായ നിർദ്ദേശങ്ങളാണ് എനിക്ക് സമർപ്പിക്കാനുള്ളത്. ഇക്കാര്യം ഗൗരവമായി പരിശോധിച്ച് അട്ടപ്പാടിയിലെ പാവപ്പെട്ട ആദിവാസി ശിശുക്കളുടെ മരണം തടയുന്നതിനാവശ്യമായ ഗൗരവമായ തീരുമാനം ഗവൺമെന്റ് എടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി.കെ. ജയലക്ഷ്മി): സർ, അട്ടപ്പാടി മേഖലയിലെ നവജാത ശിശുമരണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കി ആദിവാസി സമൂഹങ്ങളിലെ പോഷകാഹാരക്കുറവിനും പലതരം രോഗാവസ്ഥയ്ക്കും ഒരു പരിധിവരെ പരിഹാരം കാണുന്നതിന് സാധിച്ചിട്ടുണ്ട്. ഇതിന്റെ

ഫലമായി മുൻവർഷത്തെ അപേക്ഷിച്ച് ആദിവാസി ഊരുകളിലെ ശിശുമരണ നിരക്ക് കുറഞ്ഞിട്ടുണ്ട്. എന്നാലും ചില ഒറ്റപ്പെട്ട ശിശു മരണങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അത് പൂർണ്ണമായും ഒഴിവാക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ്, ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവയുമായി ചേർന്ന് പട്ടിക വർഗ്ഗ വികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിച്ചിട്ടുള്ള പ്രത്യേക പദ്ധതികളും നിലവിലുള്ള മറ്റ് പട്ടികവർഗ്ഗ ക്ഷേമ പദ്ധതികളും സമയബന്ധിതമായി ഫലപ്രദമായി നടപ്പിലാക്കുന്നതിന് സർക്കാർ ഇതിനകംതന്നെ നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. ഗ്രാമവികസനം, ആരോഗ്യം, പട്ടികവർഗ്ഗ വികസനം, സാമൂഹ്യനീതി എന്നീ വകുപ്പുകളുടെ മന്ത്രിമാരും എം.എൽ.എ. മാരുമുൾപ്പെടെയുള്ള ജനപ്രതിനിധികളും ത്രിതല ഗ്രാമപഞ്ചായത്ത് അംഗങ്ങളും വിവിധ രാഷ്ട്രീയപ്പാർട്ടി പ്രതിനിധികളും ബന്ധപ്പെട്ട വകുപ്പ് ജീവനക്കാരും പങ്കെടുത്ത ഒരവലോകന യോഗം അഗളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽവച്ച് ചേരുകയും ഈ യോഗത്തിന്റെ നിർദ്ദേശങ്ങൾ സർക്കാർ ഗൗരവമായി പരിഗണിക്കുകയും ചെയ്തു. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളെല്ലാം ഏകോപിപ്പിച്ച് കാര്യക്ഷമമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ഒറ്റപ്പാലം സബ്കളക്ടറെ നോഡൽ

ഓഫീസറായി നിയമിച്ചിട്ടുണ്ട്. ഭാവിയിലെ എല്ലാ പദ്ധതികളും മോണിറ്ററിംഗ് ചെയ്യുന്നതിന് ജനപ്രതിനിധികൾ അടങ്ങുന്ന സമിതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. പ്രഖ്യാപിച്ച പദ്ധതികളെല്ലാം ലക്ഷ്യപ്രാപ്തിയിലെത്തിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

ശ്രീ. കെ.വി. വിജയദാസ്: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ജനപ്രതിനിധികളുടെ കമ്മിറ്റി ഇതുവരെ കൂടിയതായി അറിയില്ല, ആ കമ്മിറ്റി കൂടുന്നതിനുള്ള സംവിധാനമുണ്ടാക്കണം. മാത്രമല്ല, ഒറ്റപ്പാലം സബ്കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിലും അദ്ദേഹവും ആ കാര്യത്തിൽ ചാർജ്ജെടുത്ത് പ്രവർത്തിച്ചതായി കാണുന്നില്ല. ഈ രണ്ട് പോരായ്മയും പരിഹരിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. എ.കെ. ബാലൻ: സർ, പട്ടികജാതി പട്ടികവർഗ്ഗത്തിനുവേണ്ടി നീക്കിവച്ച പണം നൽകുന്ന കാര്യത്തിൽ ധനകാര്യ വകുപ്പിൽനിന്ന് നിയന്ത്രണമുണ്ടാകില്ല എന്ന് പറഞ്ഞിരുന്നു. അത് സംബന്ധിച്ച എന്തെങ്കിലും ഉത്തരവ് ധനകാര്യ വകുപ്പിൽനിന്ന് വന്നിട്ടുണ്ടോ?

കുമാരി പി.കെ. ജയലക്ഷ്മി: സർ, അട്ടപ്പാടിയിൽ നടന്ന മീറ്റിംഗിനുശേഷം ചേർന്ന ക്യാബിനറ്റിൽ ട്രഷറി നിയന്ത്രണവുമായി ബന്ധപ്പെട്ട്

തീരുമാനമെടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച കാര്യങ്ങൾ പ്രത്യേകമായി ശ്രദ്ധിക്കുകയും വളരെ പെട്ടെന്നുതന്നെ അട്ടപ്പാടിയിലെ വിഷയവുമായി ബന്ധപ്പെട്ട് മീറ്റിംഗ് വിളിച്ചുചേർക്കാൻ അവിടത്തെ നോഡൽ ഓഫീസർക്ക് നിർദ്ദേശം നൽകുന്നതുമാണ്.

മി. ചെയർമാൻ: കമ്മിറ്റി രൂപീകരിച്ചുകൊണ്ടുള്ള വിജ്ഞാപനം വന്നിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യം ശ്രദ്ധിക്കണം.

കുമാരി പി.കെ. ജയലക്ഷ്മി: സർ, സ്ഥലം എം.എൽ.എ., എം.പി. എന്നിവർ അടങ്ങുന്ന ഒൻപതംഗ സമിതി രൂപീകരിച്ചിട്ടുണ്ട്.

മി. ചെയർമാൻ: അത് സംബന്ധിച്ച ഓർഡർ ഇന്നലെവരെ കിട്ടിയിട്ടില്ല.

കുമാരി പി.കെ. ജയലക്ഷ്മി: സർ, അക്കാര്യം പരിശോധിക്കാം.